# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2894** — **10/05/2017-ന് മറുപടിക്ക്**

## ലാസ്റ്റ് ഗ്രേഡ് സർവന്റ് റാങ്ക് ലിസ്റ്റ്

**ചോദ്യം**
ശ്രീ. രാജു എബ്രഹാം

**ഉത്തരം**
ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കാറ്റഗറി നമ്പർ 567/13 പ്രകാരമുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റ് (ഓഫീസ് അറ്റൻഡന്റ്) തസ്തികയിലേയ്ക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറത്തിറക്കിയത് എന്നാണ്; | (എ) | 31/12/13 ൽ |
| (ബി) | ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്: | (ബി) | 30/06/15 ൽ |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി ;എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചു; ഇത് മെയിൻ ലിസ്റ്റിന്റെ എത്ര ശതമാനം വരും; വ്യക്തമാക്കാമോ; | (സി), (ഡി) & (ഇ) | മുൻ റാങ്ക് പട്ടികയിൽ നിന്നും നിയമന ശിപാർശ നൽകേണ്ട ഒഴിവുകൾ ഉള്ളതിനാൽ അതിൽനിന്നും നിയമന ശിപാർശ നൽകുന്നതിനും പുതിയ ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിനുള്ള ക്ലിയറൻസ് ലഭ്യമാക്കുന്നതിനും മറ്റുമായി എടുത്ത സ്വാഭാവികമായ കാലതാമസമാണ് നിയമനം വൈകുവാൻ ഇടയാക്കിയത്.പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നടന്ന നിയമനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | റാങ്ക് ലിസ്റ്റിൽ നിന്നും ആദ്യനിയമനം ഓരോ ജില്ലയിലും നൽകിയിട്ടുള്ളത് എന്നാണ് എന്ന് വ്യക്തമാക്കാമോ; നിയമനം ഇത്രയും വൈകാനിടയാക്കിയ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ ; | | |
| (ഇ) | ഇക്കഴിഞ്ഞ എൽ.ജി.എസ് ലിസ്റ്റിൽ നിന്നും എത്രപേർക്ക് ആകെ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (എഫ്) | മൂന്ന് വർഷ കാലാവധിയുള്ള റാങ്ക് ലിസ്റ്റ് നിലവിലിരിക്കുകയും റാങ്ക് ലിസ്റ്റിൽ നിന്ന് കേവലം ഇരുപത് ശതമാനത്തിൽ താഴെ മാത്രം നിയമനം നടക്കുകയും കാലാവധി ഇനിയും ഒന്നേകാൽ വർഷത്തോളം ബാക്കി നിൽക്കുകയും ചെയ്യുമ്പോൾ എൽ.ജി.എസ്-നായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാൻ പി.എസ്.സി തയ്യാറെടുക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാറിന്റെ നിലപാട് എന്താണ്; എൽ.ജി.എസിന്റെ യോഗ്യതാ മാനദണ്ഡത്തിന് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എഫ്) | വിവിധ വകുപ്പുകളിലെ എൽ.ജി.എസ്.തസ്തികയുടെ നിയമനത്തിനായി 30.06.2015-ൽ നിലവിൽ വന്ന റാങ്ക് പട്ടികയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ റാങ്ക് പട്ടിക നിലവിൽ വരുവാൻ വേണ്ടിയുള്ള പ്രാരംഭ നടപടിയായി വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്. <br> 01.07.11-ലെ ജി.ഒ.(എം.എസ്) 21/11/ഉ.ഭ.പ.വ.ഉത്തരവു പ്രകാരം സർക്കാരിലെ വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് നിയമനത്തിനുള്ള യോഗ്യത ഏഴാം ക്ലാസ് പാസ്സായിരിക്കേണ്ടതും എന്നാൽ ഡിഗ്രി യോഗ്യത കൈവരിക്കാൻ പാടില്ലെന്നുമായി പരിഷ്കരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 04.06.2016- ലെ ജി.ഒ.(പി) നം.12/2016/പി&എആർഡി പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾ 8-ൽ ഭേദഗതി (നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങളെ ബാധിക്കാത്ത രീതിയിൽ) വരുത്തിയിട്ടുണ്ട്. |
| (ജി) | ഇനിയൊരു പരീക്ഷ എഴുതാൻ പ്രായപരിധി അനുവദിക്കുകയോ യോഗ്യതാ മാനദണ്ഡം അനുവദിക്കുകയോ ചെയ്യാത്ത തൊണ്ണൂറ് ശതമാനം പേർ ഉൾപ്പെടുന്ന നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി ആളുകൾക്ക് നിയമനം നൽകാനും റാങ്ക് ലിസ്റ്റിന്റെ കാലാവധി പൂർത്തിയാകുമ്പോൾ മാത്രം പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ജി) | 30.06.2015 ന് നിലവിൽ വന്ന പട്ടികയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ലിസ്റ്റ് നിലവിൽ വരിക എന്ന ലക്ഷ്യത്തോടെയുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. |

Ramyth. HR

**സെക്ഷൻ ഓഫീസർ**

# അനുബന്ധം
## നക്ഷനക്ഷത്ര ചിഹ്നമിടാത്ത നി.സ ചോദ്യം 2894
## 'ലാസ്റ്റ്ഗ്രേഡ് സെർവന്റ് റാങ്ക് ലിസ്റ്റ് '

| ക്രമ. നം. | ജില്ല | ആകെ നിയമന ശിപാർശ | മെയിൻ ലിസ്റ്റിന്റെ ശതമാനം | ആദ്യ നിയമന ശിപാർശ തീയതി | മുൻ ലിസ്റ്റിൽ നിന്നുള്ള നിയമന ശിപാർശ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 624 | 21.86% | 04/12/15 | 1940 |
| 2 | കൊല്ലം | 454 | 22.00% | 06/11/15 | 1245 |
| 3 | പത്തനംതിട്ട | 255 | 25.96% | 21/11/15 | 637 |
| 4 | ആലപ്പുഴ | 289 | 19.51% | 20/10/15 | 655 |
| 5 | കോട്ടയം | 305 | 20.00% | 18/12/15 | 772 |
| 6 | ഇടുക്കി | 272 | 27.00% | 05/10/15 | 584 |
| 7 | എറണാകുളം | 449 | 23.00% | 12/10/15 | 1036 |
| 8 | തൃശ്ശൂർ | 434 | 17.71% | 18/09/15 | 1161 |
| 9 | പാലക്കാട് | 526 | 19.70% | 11/09/15 | 1312 |
| 10 | മലപ്പുറം | 467 | 22.32% | 05/10/15 | 817 |
| 11 | കോഴിക്കോട് | 462 | 18.73% | 27/11/15 | 1147 |
| 12 | വയനാട് | 166 | 16.63% | 16/09/15 | 494 |
| 13 | കണ്ണൂർ | 384 | 23.23% | 09/10/15 | 726 |
| 14 | കാസറഗോഡ് | 224 | 23.00% | 19/10/15 | 429 |

Ramjith AR

സെക്ഷൻ ഓഫീസർ